(ജി) ഡി. പി. സി. യോഗം ചേരുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതിയോ മറ്റേതെങ്കിലും കോടതികളോ എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ടോ;

(എച്ച്) കോടതിവിധിയുടെ തീയതിയും നമ്പരും അറിയിക്കുമോ;

(ഐ) എസ്. ഐ.-മാരെ സി. ഐ.-മാരായും സി. ഐ.-മാരെ ഡിവൈ. എസ്. പി.-മാരായും വർഷം തോറും പ്രൊമോഷൻ നൽകി നിയമിക്കാറുണ്ടോ;

(ജെ) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ;

(കെ) പോലീസ് ആഫീസർമാരിൽ പ്രൊമോഷന് അർഹരായവർ എത്ര പേരുണ്ട്;

(എൽ) പ്രസ്തുത ഓഫീസർമാരുടെ റാങ്ക് അടിസ്ഥാനത്തിലുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എം) പൊതുജനങ്ങളിൽ നിന്നോ എം. പി./എം. എൽ. എ.-മാരിൽ നിന്നോ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയരായ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നിഷേധിക്കുകയോ, തരം താഴ്ത്തുകയോ ചെയ്തിട്ടുണ്ടോ;

(എൻ) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ—എൻ)) വിവരം ശേഖരിച്ചുവരുന്നു.

കേരള പോലീസിലെ എ. എസ്. ഐ. തസ്തികകൾ

18 [5844] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ എ. എസ്. ഐ. തസ്തികയുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് സ്റ്റാന്റിംഗ് ഓർഡർ പ്രകാരം ഇവർക്ക് പ്രത്യേക ജോലി നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റാന്റിംഗ് ഓർഡർ നിലവിലുള്ള വനിതാപോലീസിലും ടെക്നിക്കൽ വിഭാഗത്തിലും എ. എസ്. ഐ. തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1558.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള പോലീസ് മാനുവലിൽ എ. എസ്. ഐ.-മാരുടെ ജോലി പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ സർക്കാർ ഉത്തരവ് ജി. ഒ. (എംഎസ്.) 217/73/ആഭ്യ. തീയതി 19-12-1993-ന്റെ അടിസ്ഥാനത്തിൽ പി. എച്ച്. ക്യൂ.-ൽ നിന്നും പുറത്തിറക്കിയ സർക്കുലർ 15/76ൽ എ. എസ്. ഐ.-മാരുടെ ജോലികൾ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.†

(സി) എ. എസ്. ഐ.-തസ്തികകൾ നിലവിലുള്ള ടെക്നിക്കൽ വിഭാഗത്തിൽ പ്രമോഷൻ നടത്തുന്നുണ്ട്. വനിതാ പോലീസിൽ എ. എസ്. ഐ. തസ്തിക നിലവിലില്ല.

റാന്നി കേന്ദ്രമായി പോലീസ് സബ്ഡിവിഷൻ

19 [5848] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പോലീസ് സബ്ഡിവിഷന്റെ വിസ്തീർണ്ണം എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) റാന്നി താലൂക്കിൽ എത്ര പോലീസ് സ്റ്റേഷനുകളും സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകളും നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) റാന്നി കേന്ദ്രമായി ഒരു പോലീസ് സബ്ഡിവിഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 24818 സ്കയർ ഹെക്ടർ വിസ്തീർണ്ണം ഉണ്ട്.

(ബി) റാന്നി താലൂക്കിൽ 7 പോലീസ് സ്റ്റേഷനുകളും 4 സർക്കിൾ ഓഫീസുകളുമുണ്ട്.

(സി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

മഞ്ചേരി അരീക്കോട് പോലീസ് സ്റ്റേഷനുകളിലെ മോഷണക്കേസുകൾ

20 [5850] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി അരീക്കോട് പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞവർഷം എത്ര മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേരെ ഇതുവരെയായി അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) ശേഷിക്കുന്ന കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാത്തത് എന്തുകൊണ്ട്;

(ഡി) ഇതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly